"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പരിവർത്തിതാവധിക്കു ശേഷം മാതൃവകുപ്പിൽ തിരികെ പ്രവേശിച്ച ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീമതി. ലിഷ മോഹൻ.എം-ന് തിരുവനന്തപുരം എം ജി എൻ ആർ ഇ ജി എസ്, സ്റ്റേറ്റ് മിഷനിൽ പ്രോഗ്രാം ഓഫീസർ (ഐ ടി) തസ്തികയിൽ നിയമനം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ(സാധാ)നം.25/2022/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 06.01.2022

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 21.12.2021 ലെ 1063/ എസ്റ്റാ.എ 1/സിആർഡി/2021 നമ്പർ കത്ത്

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണറായ ശ്രീമതി.ലിഷ മോഹൻ.എം 30.09.2021 മുതൽ 14.12.2021 വരെയുള്ള പരിവർത്തിതാവധി കാലയളവിനു ശേഷം 15.12.2021 ൽ തിരികെ മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, ടിയാൾക്ക് ഉചിതനിയമനം നല്കണമെന്നും അപേക്ഷിച്ചുകൊണ്ട് ഗ്രാമവികസന കമ്മീഷണർ പരാമർശപ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

ഗ്രാമവികസന കമ്മീഷണർ നല്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീമതി. ലിഷ മോഹൻ.എം -നെ തിരുവനന്തപുരം എം ജി എൻ ആർ ഇ ജി എസ്, സ്റ്റേറ്റ് മിഷനിൽ പ്രോഗ്രാം ഓഫീസർ (ഐ ടി) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബാലുമഹേന്ദ്ര. ബി
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, എം ജി എൻ ആർ ഇ ജി എസ്, തിരുവനന്തപുരം

ശ്രീമതി. ലിഷ മോഹൻ.എം, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ